(Pages : 3)

**N – 7627**

Reg. No. : ..............................

Name : ..................................

## Fourth Semester B.A. Degree Examination, August 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Complementary Course

## ML 1431.1 : ദളിതെഴുത്ത്, പെണ്ണെഴുത്ത്, സിദ്ധാന്തവും ആവിഷ്കാരവും

## (2018 Admission)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. പ്രത്യക്ഷരക്ഷാദൈവസഭ സ്ഥാപിച്ചതാര്?

2. ദേവകി നിലയങ്ങോടിന്റെ ആത്മകഥയുടെ പേരെന്ത്?

3. 'ഐഡന്റിറ്റി കാർഡ്' ആരുടെ കാവ്യസമാഹാരമാണ്?

4. 'പാലുവം പെണ്ണിനെത്തേടി' ഏതു കഥാഗാനത്തിൽ ഉൾപ്പെടുന്നതാണ്?

5. ഫെമിനിസ്റ്റ് ബൈബിൾ എന്നറിയപ്പെടുന്ന കൃതി ഏത്?

6. 'ദലിത് ഭാഷ' എന്ന പുസ്തകം എഴുതിയതാര്?

7. 'സ്ത്രീ, സ്ത്രീയായി ജനിക്കുകയല്ല, പരിണമിക്കുകയാണ്' എന്ന് പ്രസ്താവിച്ചതാര്?

8. 'എന്റെ കഥ' എഴുതിയതാര്?

P.T.O.

VTM NSS COLLEGE LIBRARY

9. ആരുടെ കഥാസമാഹാരമാണ് 'ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ'?

10. സാറാ ജോസഫിന്റെ ഏതു കൃതിയുടെ ആമുഖത്തിലാണ് സച്ചിദാനന്ദൻ 'പെണ്ണെഴുത്ത്' എന്ന പദം ആദ്യമായി ഉപയോഗിച്ചത്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

11. ആയിരക്കുടമാടുക - കുറിപ്പെഴുതുക.

12. വിജില ചിറപ്പാട് എന്ന കവയിത്രിയെ പരിചയപ്പെടുത്തുക.

13. ഉദാരസ്ത്രീവാദം (Liberal Feminism) എന്നാലെന്ത്?

14. നമ്പൂതിരിമാർ കഥകളിവേഷം കെട്ടാതിരുന്നതിന് കാരണം എന്ത്?

15. 'അയാള് വല്ല ബയോകെമിസ്ട്രിക്കും പോകാതെ ഈ മറൈൻ ബയോളജിയിൽ വരരുതായിരുന്നു" - ആരുടെ വാക്കുകൾ? വിശദമാക്കുക.

16. കുറിപ്പെഴുതുക - പാരിസ്ഥിതിക സ്ത്രീവാദം (Eco Feminism).

17. വനദുർഗ്ഗ എന്ന പേര് അനിതയെ സ്തബ്ധയാക്കിയതെന്തുകൊണ്ട്?

18. ബാല്യത്തിന്റെ ചവറ്റുകുട്ടയിലേക്ക് കവി എറിഞ്ഞു കളയുന്നത് എന്തെല്ലാം?

19. കഥാഗാനങ്ങളുടെ സവിശേഷതകൾ എഴുതുക.

20. "ഗതിയൊന്നുമില്ലാത്തവന് രണ്ടെണ്ണം ആർഭാടമല്ലേ" - ആരുടെ വാക്കുകൾ? വിശദീകരിക്കുക.

21. അപ്പന്റെ മക്കൾ ദേവകിയിലുണ്ടാക്കിയ പ്രതികരണം എന്തായിരുന്നു?

22. ഫെമിനിസ്റ്റ് പ്രസ്ഥാനത്തിൽ ബെറ്റി ഫ്രീഡനുള്ള സ്ഥാനം വിവരിക്കുക.

**(8 × 2 = 16 Marks)**



VTM NSS COLLEGE LIBRARY

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'ഒറ്റമുലച്ചി' എന്ന ഇമേജിലൂടെ സി. അയ്യപ്പൻ അവതരിപ്പിക്കാൻ ശ്രമിക്കുന്നതെന്ത്?

24. അമ്മ ഒരു കാല്പനികകവിതയല്ല എന്ന് വിജില ചിറപ്പാട് അടയാളപ്പെടുത്തുന്നതെങ്ങനെ?

25. ഇത്തവണ രാധ എന്ന കഥയിലെ രാധ എന്ന കഥാപാത്രത്തിന്റെ സ്വഭാവനിരൂപണം നടത്തുക.

26. "അജ്ഞതയുടെ തൂണിൽ

കെട്ടിയിട്ട ഒരു ജന്തുവാണു ഞാൻ" - വ്യാഖ്യാനിക്കുക.

27. മലയാള ചെറുകഥയിലെ ദലിത് ജീവിതാവിഷ്കാരത്തെക്കുറിച്ച് വിവരിക്കുക.

28. 'കറുത്ത കല്ല്' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

29. നിസ്സഹായകർ എന്നും ചൂഷണത്തിന് വിധേയരാണ് എന്ന് നാരായൻ തുറന്നു കാട്ടുന്നത് എങ്ങനെ?

30. മൂന്നാം തരംഗസ്ത്രീവാദത്തിന്റെ സവിശേഷതകൾ എഴുതുക.

31. അടുക്കളയിലെ തേഞ്ഞു തീരുന്ന വീട്ടുപകരണമായി സാവിത്രി രാജീവൻ സ്ത്രീയെ അവതരിപ്പിക്കുന്നത് എങ്ങനെ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'പാലുവം പെണ്ണിനെത്തേടി' എന്ന പാട്ടിലെ കീഴാളസ്ത്രീകഥാപാത്രത്തെക്കുറിച്ച് ഉപന്യസിക്കുക.

33. വടക്കൻ മലബാറിലെ കീഴ്ജാതിക്കാർക്കിടയിലെ സകലവിധമുന്നേറ്റങ്ങൾക്കും പ്രേരകമായ അദ്ഭുതപുരുഷനായി 'എരി'യെ പ്രദീപൻ പാമ്പിരിക്കുന്ന് അവതരിപ്പിക്കുന്നതെങ്ങനെ? പരിശോധിക്കുക.

34. വനദുർഗ്ഗ എന്ന ചെറുകഥയുടെ സമകാലിക പ്രസക്തി വിവരിക്കുക.

35. 'എന്റെ വംശത്തെപ്പറ്റി' എന്ന കവിത ഒരു ചരിത്ര വിലാപവും കൂടിയായി മാറുന്നതെങ്ങനെ?

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY